(ബി) 20,78,000 രൂപയാണ് ഈ പാലത്തിന്റെ എസ്റ്റിമേറ്റ് തുക.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

വളത്തകാട് ദ്വീപിനെ മരട് എന്ന സ്ഥലവുമായി ബന്ധപ്പെടുത്തുന്ന പാലം

893 [1048] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) മരട് പഞ്ചായത്തിൽ വളത്തകാട് എന്ന ദ്വീപും മരട് എന്ന സ്ഥലവും ബന്ധപ്പെടുത്തുന്ന പാലം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) തൽസംബന്ധമായ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ പണി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) വളത്തകാട് ഹരിജൻ കോളനിയിലേക്കുള്ള റോഡിലാണ് പ്രസ്തുത പാലം നിർമ്മിക്കേണ്ടത്. ഈ ജോലിക്ക് ജില്ലാ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ആവശ്യമാണ്.

(സി) പ്രാരംഭ നടപടികൾ കഴിഞ്ഞിട്ടില്ലാത്തതിനാൽ പാലത്തിന്റെ പണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയാൻ കഴിയുകയില്ല.

നെടുമുടി, പള്ളാത്തുരുത്തി, കൈതത്തോട് പാലങ്ങൾ

894 [1049] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) നെടുമുടി, പള്ളാത്തുരുത്തി, കൈതത്തോട് എന്നീ പാലങ്ങളുടെ പണി കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്തിട്ട് എത്ര കാലമായി;

(ബി) ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും;

(ഡി) പണി സ്തംഭനാവസ്ഥയിലായതിന്റെ കാരണം എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ഇ) ഇനി ഒരു സ്പാൻ മാത്രം വാർക്കുവാൻ ബാക്കിയുള്ള കൈതത്തോട് പാലം ഉടൻ പൂർത്തീകരിക്കുവാനും സ്തംഭനാവസ്ഥയിലായ മുട്ടാർ സെൻട്രൽ റോഡിന്റെ പണി തീർക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുമുടി പാലത്തിന്റെ പണി 1977 ഫെബ്രുവരിയിലും പള്ളാത്തുരുത്തി പാലത്തിന്റെ പണി 1976 ആഗസ്റ്റിലും കൈതത്തോട് പാലത്തിന്റെ പണി 1980 ഡിസംബറിലുമാണ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെടുമുടി, പള്ളാത്തുരുത്തി, പാലങ്ങൾക്ക് ഓരോന്നിനും ഒൻപത് സ്പാനുകൾ വീതം ഉള്ളതിൽ നാല് സ്പാനുകൾ വീതം തീർന്നിട്ടുണ്ട്. രണ്ട് പാലങ്ങളുടെയും അഞ്ചാമത്തെ സ്പാനിന്റെ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. കൈതത്തോട് പാലത്തിന്റെ തട്ട് വാർക്കുന്ന പണിയാണ് ഇനി അവശേഷിക്കുന്നത്. അതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) നെടുമുടി, പള്ളാത്തുരുത്തി പാലങ്ങളുടെ പണി 1987 മാർച്ച് മാസത്തിലും കൈതത്തോട് പാലത്തിന്റെ പണി 1987 ജനുവരിയിലും പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) തിട്ട താങ്ങുന്നതിനുള്ള അടിയ്ണ്ണിന്റെ ശക്തിക്കുറവ് ഫണ്ടിന്റെ അപര്യാപ്തത, തൊഴിലാളികളുടെ നിസ്സഹകരണമനോഭാവം, സിമന്റ്, കമ്പി മുതലായ സാധനങ്ങൾ ലഭ്യമാക്കുന്നതിൽ ഉണ്ടായ ബുദ്ധിമുട്ട് എന്നീ കാരണങ്ങളാണ് നെടുമുടി, പള്ളാത്തുരുത്തി പാലങ്ങളുടെ പണി സ്തംഭനാവസ്ഥയിലാക്കിയത്.

സിമന്റ്, കമ്പി എന്നിവ ലഭ്യമാക്കാനുള്ള കാലതാമസവും ആവശ്യമായ സ്ഥലം മുഴുവനും കിട്ടുവാനുള്ള കാലതാമസവുമാണ് കൈതത്തോട് പാലത്തിന്റെ പണി സ്തംഭനാവസ്ഥയിലാക്കിയത്.

(ഇ) കൈതത്തോട് പാലത്തിന്റെ പണി പൂർത്തിയാക്കാൻ നടപടികൾ എടുത്തുകഴിഞ്ഞു. മുട്ടാർ സെൻട്രൽ റോഡിന്റെ അവശേഷിക്കുന്ന പണികൾ നടത്തുവാൻ വേണ്ട നിർദ്ദേശം നല്കികഴിഞ്ഞിട്ടുണ്ട്.

പുനലൂരിലെ വെട്ടിപ്പുഴ പാലം

895 [1050] ശ്രീ. വി. സുരേന്ദ്രൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) പുനലൂരിലെ വെട്ടിപ്പുഴ പാലത്തിന്റെ നിർമ്മാണപ്രവർത്തനം എത്രത്തോളമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാമാണ് ചെയ്തിട്ടുള്ളത്; ഇതിനുവേണ്ടി എത്ര രൂപ ചെലവഴിക്കുകയുണ്ടായി;

(സി) നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കും?

ഉത്തരം

(എ) ഈ പാലത്തിന്റെ പണി ഇതുവരെ ആരംഭിച്ചിട്ടില്ല.

(ബി) വെട്ടിപ്പുഴ പാലത്തിന്റെ പണിക്കായി 9.05 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 4-2-1978-ൽ സർക്കാർ ഭരണാനുമതി നല്കി. 1978-ലെ റേറ്റ് ഷെഡ്യൂൾ അനുസരിച്ച് തയ്യാറാക്കിയ പ്രസ്തുത എസ്റ്റിമേറ്റിനേക്കാളും 12% കുറഞ്ഞ നിരക്കിൽ പണി ആരംഭിക്കുവാനുള്ള ഏർപ്പാടുകളും ചെയ്തു. നിലവിലുള്ള പാലം പൊളിച്ചുമാറ്റി ആ സ്ഥലത്തു തന്നെ പുതിയ പാലം പണിയാനാണ് ഉദ്ദേശിച്ചിരുന്നത്. ടി പാലത്തിൽ കൂടിയുള്ള വാഹന ഗതാഗതം തിരിച്ചുവിടാനുദ്ദേശിച്ച റോഡിന്റെ പുനലൂർ മുനിസിപ്പാലിറ്റിയുടെ അധീനതയിൽ വരുന്ന ഭാഗത്തിന്റെ പരിഷ്കരണപ്രവർത്തനങ്ങൾ നടത്തുവാൻ മുനിസിപ്പാലിറ്റി തയ്യാറാകാത്തതിനെ തുടർന്ന് പാലം പൊളിച്ചുമാറ്റി പുതിയ പാലത്തിന്റെ പണി ആരംഭിക്കുവാൻ കഴിയാതെ പോയി. പാലത്തിന്റെ അപ്രോച്ച് റോഡിന്റെ അലൈൻമെന്റിനെ സംബന്ധിച്ച് പുനലൂർ മുനിസിപ്പാലിറ്റിയും പാലം

LIBRARY ARCHIVES Kerala Legislative Assembly